**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 768** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>സംരക്ഷണ ഭിത്തി നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് ഏഴിൽ കല്ലിമേൽ കല്ലുവളയം പള്ളിക്കു സമീപം അച്ചൻകോവിലാറിന്റെ ഇടതു കരയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുവാൻ ബജറ്റിൽ മൂന്ന് കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രസ്തുത പ്രവർത്തിക്ക് ₹ 3 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 29-01-2026 -ലെ IRR/IA/EST_TS/4764/2022_5_1_1 പ്രകാരം 3 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ഭരണാനുമതി ഉത്തരവിലെ നിബന്ധന അനുസരിച്ച് Concurrence ലഭിക്കുന്നതിനായി 27-01-2026 ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**(സി)** പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുവാൻ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

**<u>മറുപടി:</u>** സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ഭരണാനുമതി ഉത്തരവിലെ നിബന്ധന അനുസരിച്ച് Concurrence ലഭിക്കുന്നതിനായി 27-01-2026 ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**